2026
MAY
21
THURSDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# സിൽവർ ലൈൻ പദ്ധതി റദ്ദാക്കി; പി.എസ്.സി റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടി

* മഞ്ഞക്കുറ്റികൾ അടിയന്തരമായി നീക്കം ചെയ്യാൻ റവന്യൂ വകുപ്പിന് നിർദ്ദേശം നൽകി
* ജൂൺ ഒന്ന് മുതൽ 100 ദിവസത്തെ കർമ്മപരിപാടി ആരംഭിക്കും.
* വാഗ്ദാനങ്ങൾ നടപ്പിലാക്കാൻ 'വിഷൻ 2031' പദ്ധതി

**തിരുവനന്തപുരം:** തിരുവനന്തപുരം കാസർഗോഡ് സിൽവർ ലൈൻ പദ്ധതി റദ്ദാക്കിയതായി മുഖ്യമന്ത്രി വി ഡി സതീശൻ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച എല്ലാ വിജ്ഞാപനങ്ങളും മരവിപ്പിച്ചു. വർഷങ്ങളായി സ്വന്തം ഭൂമി വിൽക്കാനോ പണയപ്പെടുത്താനോ കഴിയാതെ സാധാരണക്കാർ അനുഭവിച്ച ബുദ്ധിമുട്ടുകൾ കണക്കിലെടുത്താണ് തീരുമാനം. സിൽവർ ലൈൻ സമരവുമായി ബന്ധപ്പെട്ട കേസുകൾ പരിശോധിച്ച് പിൻവലിക്കുന്നതിനുള്ള ശുപാർശ സർക്കാർ കോടതിയിൽ സമർപ്പിക്കും. പദ്ധതിക്കായി സ്ഥാപിച്ചിട്ടുള്ള മഞ്ഞക്കുറ്റികൾ അടിയന്തരമായി നീക്കം ചെയ്യാൻ റവന്യൂ വകുപ്പിന് നിർദ്ദേശം നൽകിയതായും മന്ത്രിസഭാ യോഗത്തിന് ശേഷം നടത്തിയ വാർത്താ സമ്മേളനത്തിൽ മുഖ്യമന്ത്രി അറിയിച്ചു. 2026 ഓഗസ്റ്റ് 31ന് കാലാവധി അവസാനിക്കുന്ന എല്ലാ പി.എസ്.സി റാങ്ക് ലിസ്റ്റുകളുടെയും കാലാവധി 2026 നവംബർ 30 വരെ നീട്ടാൻ പി.എസ്.സിക്ക് ശുപാർശ ചെയ്യും.

യു.ഡി.എഫ് പ്രകടനപത്രികയിലെ വാഗ്ദാനങ്ങൾ നടപ്പിലാക്കാൻ വിവിധ വകുപ്പുകൾക്ക് നിർദ്ദേശം നൽകി. സർക്കാരിന്റെ കാലാവധി അവസാനിക്കുന്ന 2031ന് മുൻപ് എല്ലാ വാഗ്ദാനങ്ങളും പാലിക്കാൻ ലക്ഷ്യമിട്ടുള്ള 'വിഷൻ 2031' പദ്ധതി നടപ്പാക്കും. ഇതിന്റെ ആദ്യഘട്ടമായി ജൂൺ ഒന്ന് മുതൽ 100 ദിവസത്തെ കർമ്മപരിപാടി ആരംഭിക്കും. വേഗത്തിൽ തീർപ്പാക്കാൻ കഴിയുന്ന വിഷയങ്ങൾ ഈ 100 ദിവസം കൊണ്ട് പരിഹരിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

പദ്മ പുരസ്കാരങ്ങൾക്കുള്ള പേരുകൾ കേന്ദ്ര സർക്കാരിന് ശുപാർശ ചെയ്യുന്നതിനായി പ്രത്യേക സബ് കമ്മിറ്റി രൂപീകരിച്ചു. ഹൈക്കോടതിയിലെ അഡീഷണൽ അഡ്വക്കേറ്റ് ജനറലായി അഡ്വ. മുഹമ്മദ് ഷായെ നിയമിക്കും. കിഫ്ബിയുടെ പ്രവർത്തനം വിലയിരുത്തി തുടർ നടപടി സ്വീകരിക്കും. കെ റെയിലിന്റെ പ്രവർത്തനവും വിലയിരുത്തും. ചികിത്സാപരമായ അനാസ്ഥ കാരണം മരണപ്പെട്ട കൊല്ലം സ്വദേശി വേണുവിന്റെ കുടുംബത്തിന് 5 ലക്ഷം രൂപ നഷ്ടപരിഹാരം നൽകാനും മന്ത്രിസഭാ യോഗം തീരുമാനിച്ചു.

## മന്ത്രിമാരുടെ വകുപ്പുകൾ പ്രഖ്യാപിച്ചു

### സണ്ണി ജോസഫിന് വൈദ്യുതി, മുരളിക്ക് ആരോഗ്യം, അനിൽകുമാറിന് റവന്യു

**തിരുവനന്തപുരം:** യുഡിഎഫ് മന്ത്രിസഭയിലെ മന്ത്രിമാരുടെ വകുപ്പുകൾ പ്രഖ്യാപിച്ചു. മുഖ്യമന്ത്രി വി.ഡി സതീശൻ (ധനകാര്യം, പൊതുഭരണം, തുറമുഖം) രമേശ് ചെന്നിത്തല (ആഭ്യന്തരം, വിജിലൻസ്, ഫയർ ആന്റ് റെസ്ക്യു, ജയിൽ, കയർ), സണ്ണി ജോസഫ് (വൈദ്യുതി, പരിസ്ഥിതി, പാർലമെന്ററി കാര്യം), കെ. മുരളീധരൻ (ആരോഗ്യം, ദേവസ്വം), എ.പി അനിൽകുമാർ (റവന്യു), പി.സി വിഷ്ണുനാഥ് (ടൂറിസം, സാംസ്ക്കാരികം), എം. ലിജു (എക്സൈസ്, സഹകരണം), റോജി എം. ജോൺ ( ഉന്നത വിദ്യാഭ്യാസം, സാങ്കേതിക വിദ്യാഭ്യാസം), ടി. സിദ്ദീഖ് (കൃഷി), കെ. എ തുളസി (പിന്നോക്ക ക്ഷേമം), ബിന്ദു കൃഷ്ണ ( തൊഴിൽ, വനിതാ ശിശുക്ഷേമം), ഒ. ജെ ജനീഷ് (കായികം, യുവജനക്ഷേമം, രജിസ്ട്രേഷൻ), പി.കെ കുഞ്ഞാലിക്കുട്ടി (വ്യവസായം, ഐ. ടി, മൈനിംഗ് ആന്റ് ജിയോളജി), എൻ. ഷംസുദ്ദീൻ (പൊതുവിദ്യാഭ്യാസം), കെ എം ഷാജി (തദ്ദേശ സ്വയംഭരണം), പി.കെ ബഷീർ (പൊതുമരാമത്ത്), വി. ഇ അബ്ദുൾ ഗഫൂർ ( ഫിഷറീസ്), മോൻസ് ജോസഫ് (ജലവിഭവം), അനൂപ് ജേക്കബ്ബ് (ഭക്ഷ്യ, സിവിൽ സപ്ലൈസ്), ഷിബു ബേബി ജോൺ (വനം), സി.പി ജോൺ (ഗതാഗതം) എന്നിങ്ങനെയാണ് വകുപ്പുകൾ പ്രഖ്യാപിച്ചിരിക്കുന്നത്.

## ഇന്ത്യയും നോർവേയും പുതിയ ഉഭയകക്ഷി കരാറുകളിൽ ഒപ്പുവച്ചു

**ന്യൂഡൽഹി:** ഇന്ത്യയും നോർവേയും ഉഭയകക്ഷി ഇടപെടൽ കൂടുതൽ ശക്തിപ്പെടുത്താൻ ധാരണയായി. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നോർവേ സന്ദർശന വേളയിലായിരുന്നു കരാറുകളിൽ ഒപ്പു വെച്ചത്. ശാസ്ത്രം, സാങ്കേതികവിദ്യ, നൂതനാശയം, സുസ്ഥിര വികസനം എന്നിവയിലെ സഹകരണം വിപുലീകരിക്കാൻ, കേന്ദ്ര ശാസ്ത്ര വ്യാവസായിക ഗവേഷണ വകുപ്പിന് (DSIR) കീഴിലുള്ള ശാസ്ത്രവ്യാവസായിക ഗവേഷണ കൗൺസിലും, നോർവേയിലെ പ്രമുഖ ഗവേഷണ അക്കാദമിക് വ്യാവസായിക സ്ഥാപനങ്ങളും തമ്മിൽ നിരവധി സുപ്രധാന കരാറുകളിൽ ഒപ്പുവച്ചു. നോർവേ തലസ്ഥാനമായ ഓസ്ലോയിൽ നടന്ന ചടങ്ങിൽ സിഎസ് ഐ ആർ ഡയറക്ടർ ജനറലും ഡിഎസ് ഐ ആർ സെക്രട്ടറിയുമായ ഡോ. എൻ. കലൈശെൽവിയുടെ നേതൃത്വത്തിലാണ് ഇന്ത്യൻ പ്രതിനിധിസംഘം കരാറുകളിൽ ഒപ്പുവെച്ചത്. നോർവേയിലെ പ്രമുഖ പങ്കാളിത്ത സ്ഥാപനങ്ങളിലെ ഉന്നത ഉദ്യോഗസ്ഥരും ചടങ്ങിൽ സന്നിഹിതരായിരുന്നു. ഇരു രാജ്യങ്ങളിലെയും സ്ഥാപന പങ്കാളിത്തങ്ങൾ, സ്റ്റാർട്ടപ്പ് വ്യവസായ ഇടപെടൽ, അക്കാദമിക് സഹകരണം, സുസ്ഥിര വളർച്ചാ സംരംഭങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനോടൊപ്പം ഗവേഷണം, നവീകരണം, സാങ്കേതിക വികസനം എന്നിവയിൽ ഇന്ത്യനോർവേ ബന്ധങ്ങൾ വികസിപ്പിക്കുക എന്നതും കരാറുകളുടെ പ്രധാന ലക്ഷ്യങ്ങളാണ്. കാലാവസ്ഥാ വ്യതിയാനത്തിനെതിരെയുള്ള പ്രവർത്തനങ്ങൾ, ഹരിത ഊർജ്ജം, സമുദ്ര പഠനം, ആരോഗ്യ സംരക്ഷണം എന്നീ മേഖലകൾക്ക് മുൻഗണന നൽകുന്ന ധാരണാപത്രത്തിൽ ഇരു രാജ്യങ്ങളും ഒപ്പു വെച്ചു. ഈ രംഗങ്ങളിലെ ഗവേഷണം, സാങ്കേതികവിദ്യ വികസനം, നൂതന ആശയങ്ങൾ നടപ്പിലാക്കൽ, ശേഷി വികസനം എന്നിവ പ്രോത്സാഹിപ്പിക്കുകയാണ് ഈ ധാരണാപത്രത്തിന്റെ പ്രധാന ലക്ഷ്യം. നോർവേയിലെ പ്രമുഖ സ്വതന്ത്ര ഗവേഷണ സ്ഥാപനമായ സിന്റഫുമായി 2026–2029 കാലയളവിലേക്കുള്ള പ്രത്യേക കരാറിലും സിഎസ് ഐ ആർ ഒപ്പുവെച്ചിട്ടുണ്ട്. ഇരുസ്ഥാപനങ്ങളും തമ്മിൽ 2014ൽ നിലവിൽ വന്ന ധാരണാപത്രത്തിന്റെ തുടർച്ചയായാണ് ഈ പുതിയ നടപടി. മാലിന്യമുക്തവും സുസ്ഥിരവുമായ വികസനം ലക്ഷ്യമിട്ടുള്ള സംയുക്ത ഗവേഷണങ്ങൾക്കാണ് ഈ കരാർ ഊന്നൽ നൽകുന്നത്. ബയോപ്രോസസുകൾ, പരിസ്ഥിതി സൗഹൃദ സാമഗ്രികൾ, ഇന്നൊവേഷൻ ഹബുകൾ, ഓഫ്ഷോർ വിൻഡ് ഉൾപ്പെടെയുള്ള സമുദ്ര ഊർജ്ജ പദ്ധതികൾ, കാർബൺ പിടിച്ചെടുക്കൽ; കാർബൺ സംഭരണവും ഉപയോഗവും, മാലിന്യ പുനരുപയോഗം തുടങ്ങിയ മേഖലകളിലെ നൂതന പദ്ധതികൾക്ക് ഈ കൂട്ടായ്മ നേതൃത്വം നൽകും.

സമുദ്രോർജ്ജം, ഓഫ്ഷോർ പവനോർജ്ജം എന്നിവയിൽ CSIR സ്ഥാപനങ്ങളും സിന്റെഫ് സ്ഥാപനങ്ങളും തമ്മിൽ ഒരു പദ്ധതി നിർദ്ദിഷ്ട സഹകരണ കരാറിലും ഒപ്പുവച്ചു. കടൽത്തീരാധിഷ്ഠിത പുനരുപയോഗ ഊർജ്ജ സാങ്കേതികവിദ്യകളിൽ ഇന്ത്യയുടെ ശേഷി വർദ്ധിപ്പിക്കാനും രാജ്യത്തിന്റെ പുനരുപയോഗ ഊർജ്ജ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും കാർബൺരഹിത പദവിയിലേക്കുള്ള പ്രയാണത്തിനും ഈ പദ്ധതി വലിയ സംഭാവന നൽകും. പദ്ധതിക്കുള്ള സി എസ് ഐ ആറിന്റെ ധനസഹായം ഏകദേശം 341 ലക്ഷം രൂപയാണ്.

ശാസ്ത്രസാങ്കേതിക രംഗത്തെ ഹരിത മുന്നേറ്റം ലക്ഷ്യമിട്ട് 'ശാസ്ത്രം, സാങ്കേതികവിദ്യ, നൂതനാശയ സഹകരണം ഹരിത മാറ്റത്തിന്' എന്ന പേരിൽ ഒരു സംയുക്ത പ്രഖ്യാപനത്തിലും ഇരുരാജ്യങ്ങളും ഒപ്പുവെച്ചു. സിഎസ് ഐ ആർ, അക്കാദമി ഓഫ് സയന്റിഫിക് ആൻഡ് ഇന്നൊവേറ്റീവ് റിസർച്ച്, നോർവീജിയൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി എന്നിവർ ചേർന്നാണ് ഈ സംയുക്ത പ്രഖ്യാപനം നടത്തിയത്. സുസ്ഥിര വികസനം, വർത്തുള സമ്പദ്വ്യവസ്ഥ, സമുദ്ര ശാസ്ത്രവും സാങ്കേതികവിദ്യയും, ആരോഗ്യ സംരക്ഷണം, സിവിൽ, ഇൻഫ്രാസ്ട്രക്ചർ എഞ്ചിനീയറിംഗ് സാങ്കേതികവിദ്യകൾ എന്നിവയ്ക്കാണ് ഈ പ്രഖ്യാപനത്തിലൂടെ കൂടുതൽ പ്രാധാന്യം നൽകുന്നത്. ഇന്ത്യയിലെ വൻകിട അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് അത്യാധുനിക ഭൂശാസ്ത്രപരമായ പരിഹാരങ്ങൾ കണ്ടെത്തുന്നതിനായി സിഎസ് ഐ ആർനാഷണൽ ജിയോഫിസിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും പ്രമുഖ നോർവീജിയൻ കമ്പനിയായ എമറാൾഡ് ജിയോമോഡലിംഗും തമ്മിൽ അഞ്ച് വർഷത്തെ ധാരണാപത്രത്തിൽ ഒപ്പുവെച്ചു.

സംയുക്ത ഗവേഷണ വികസന പദ്ധതികൾ, ജിയോഫിസിക്കൽ സർവേ ആസൂത്രണം, ഡാറ്റ വിശകലനവും മോഡലിംഗും, സാങ്കേതിക ഉപദേശക പിന്തുണ, ശാസ്ത്രീയ പരിപാടികളും പരിശീലന പരിപാടികളും സംഘടിപ്പിക്കുക എന്നിവ ഈ സഹകരണത്തിൽ ഉൾപ്പെടും.



## ഇന്നത്തെ പരിപാടി

### കൊച്ചി

- **ചാവറ കൾച്ചറൽ സെന്റർ:** ബേബി മുളവുകാട് എഴുതിയ ' സുലിസ് മിനർവ അഥവാ റോമൻ ബാത്ത്സ് ' പ്രകാശനം വൈകിട്ട് 4.30ന്.
- **പാലാരിവട്ടം പിഒസി :** കെസിബിസി മീഡിയ കമീഷൻ സംഘടിപ്പിക്കുന്ന നാടക ശിൽപ്പശാല വൈകിട്ട് 6ന്.
- **ചങ്ങമ്പുഴ സാംസ്കാരിക കേന്ദ്രം :** ഗാനമേള ഈണം വൈകിട്ട് 6ന് .
- **വല്ലാർപാടം ബസിലിക്ക :** പെന്തക്കോസ്ത തിരുനാൾ രാവിലെ 6ന്.

### രാമമംഗലം

- **ഊരമന ശിവലി ശ്രീബാലസുബ്രഹ്മണ്യസ്വാമി ക്ഷേത്രം :** ഷഷ്ഠി ആഘോഷം രാവിലെ 5.30ന് മേൽശാന്തിയുടെ മുഖ്യ കാർമികത്വത്തിൽ പൂജകൾ നടക്കും, 9.30ന് അഭിഷേകം, ഷഷ്ഠി പൂജ, 10-30ന് പ്രസന്നപൂജ, 11ന് ഷഷ്ഠി ഊട്ട്.

### കാലടി

- **കാലടി കൈപ്പട്ടൂർ ബോസ്കോ ഹാൾ** : ശ്രീശങ്കര നൃത്തസംഗീതോത്സവത്തിന്റെ ഭാഗമായി വൈകിട്ട് 4ന് ശ്രീശങ്കര മ്യൂസിക് അക്കാദമി വിദ്യാർഥികളുടെ സംഗീതോത്സവം, 5.30ന് ഭരതനാട്യം, നേപ്പാളി നൃത്തം, മോഹിനിയാട്ടം, 7ന് ഭരതനാട്യം.

### പിറവം

- **എഴക്കരനാട് സെന്റ് ജോസഫ് ഓർത്തഡോക്സ് സിറിയൻ പള്ളി :** പ്രധാന പെരുന്നാളിന്റെ ഭാഗമായി വൈകിട്ട് 7.30ന് വചന ശ്രൂശുഷ, 8.30 ന് പ്രദക്ഷിണം, 9.15 ന് നേർച്ച.

# സ്കൂൾ ബസ് സുരക്ഷാ പരിശോധനക്ക് തുടക്കമായി;

## ആദ്യദിനം 16 ബസുകൾക്ക് സർട്ടിഫിക്കറ്റ്

**കൊച്ചി:** പുതിയ അധ്യയന വർഷം ആരംഭിക്കുന്നതിന് മുന്നോടിയായി സ്കൂൾ ബസുകളുടെ സുരക്ഷാ പരിശോധനയ്ക്ക് തുടക്കമായി. എറണാകുളം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിന്റെ പരിധിയിലുള്ള വാഹനങ്ങൾക്കായി കളമശ്ശേരി സി.എഫ്. ടെസ്റ്റ് ഗ്രൗണ്ടിൽ നടന്ന ആദ്യദിന പരിശോധനയിൽ 60 സ്കൂൾ ബസുകൾ പങ്കെടുത്തു.

ഇന്നലെ രാവിലെ എട്ടുമണിയോടെ ആരംഭിച്ച പരിശോധന ഉച്ചയ്ക്ക് ഒരുമണി വരെ നീണ്ടു. സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ച 16 ബസുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകി ആർ.ടി.ഒ.യുടെ പ്രത്യേക സുരക്ഷാ സ്റ്റിക്കറുകൾ പതിപ്പിച്ചു.



*കളമശ്ശേരി സി എഫ് ടെസ്റ്റ് ഗ്രൗണ്ടിൽ സ്കൂൾ ബസുകളുടെ സുരക്ഷ പരിശോധിക്കുന്ന ആർ.ടി.ഒ കെ.ആർ സുരേഷ്.*

പരിശോധനയിൽ ചെറിയ യാന്ത്രിക തകരാറുകൾ കണ്ടെത്തിയ വാഹനങ്ങൾക്ക് അവ അടിയന്തരമായി പരിഹരിച്ച് വീണ്ടും ഹാജരാക്കാൻ നിർദേശം നൽകി. ഡ്രൈവർമാർക്ക് ബസിന്റെ മുൻഭാഗത്തെ കാഴ്ചകൾ വ്യക്തമാക്കുന്ന 'ബ്ലൈൻഡ് സ്പോട്ട് മിററുകളുടെ' കുറവ്, സ്പീഡ് ഗവർണറുകളിലെ തകരാറുകൾ, മറ്റ് ചെറിയ സാങ്കേതിക പ്രശ്നങ്ങൾ എന്നിവയാണ് ചില ബസുകളിൽ കണ്ടെത്തിയത്. ഈ കുറവുകൾ പരിഹരിച്ച് എത്തിക്കുന്ന വാഹനങ്ങൾക്ക് വരും ദിവസങ്ങളിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുമെന്ന് എറണാകുളം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ (ആർ. ടി. ഒ) കെ. ആർ സുരേഷ് അറിയിച്ചു. സ്കൂൾ തുറക്കുന്ന ജൂൺ ഒന്നാം തീയതി മുതൽ റോഡുകളിൽ മോട്ടോർ വാഹന വകുപ്പിന്റെ കർശനമായ പരിശോധനയുമാകും. നിയമലംഘനം നടത്തുന്ന വാഹനങ്ങൾക്കെതിരെ കർശനമായ നിയമനടപടികൾ സ്വീകരിക്കുമെന്നും ആർ.ടി.ഒ പറഞ്ഞു. രണ്ടാം ഘട്ട പരിശോധന മെയ് 23 നടക്കും.

# വേതന വർധനവ് സ്വാഗതാർഹം: സ്കൂൾ പാചക തൊഴിലാളികൾ

**കൊച്ചി:** സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ആദ്യമായി, അധികാരമേറ്റ ദിനത്തിൽ തന്നെ സ്കൂൾ പാചക തൊഴിലാളികൾക്ക് ആയിരം രൂപയുടെ വേതനവർദ്ധനവ് പ്രഖ്യാപിച്ച സംസ്ഥാന സർക്കാരിനെ അഭിനന്ദിക്കുന്നതായി സ്കൂൾ പാചക തൊഴിലാളി യൂണിയൻ എറണാകുളം ജില്ലാ കൺവെൻഷൻ.

യൂണിയൻ സംസ്ഥാന ജനറൽ സെക്രട്ടറി പി.ജി. മോഹനൻ കൺവെൻഷൻ ഉൽഘാടനം ചെയ്തു. ജില്ലാ വൈസ് പ്രസിഡന്റ് ബിന്ദു രാജൻ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി അനിത അപ്പുകുട്ടൻ, വിവിധ ഉപജില്ലാ നേതാക്കളായ ജിജി ജോയ്, വി. എ ഷെർഫിയത്ത്, അമ്പിളി അജയൻ, പത്മിനി സജീവൻ, ഷിനി ബിജു തുടങ്ങിയവർ പ്രസംഗിച്ചു. എസ് എസ് എൽ സി പരീക്ഷയിൽ ഫുൾ എ പ്ലസ് നേടിയ അനഘ സി. എ., മികച്ച വിജയം കരസ്ഥമാക്കിയ ജോസ്ന ജോഷി, ജോലിയിൽ നിന്ന് വിരമിക്കുന്ന മേരി പൗലോസ് എന്നിവരെ സംസ്ഥാന ജനറൽ സെക്രട്ടറി പി.ജി മോഹനൻ അനുമോദന ഫലകം നൽകി ആദരിച്ചു.



*സ്കൂൾ പാചക തൊഴിലാളി യൂണിയൻ എറണാകുളം ജില്ലാ കൺവെൻഷൻ യൂണിയൻ സംസ്ഥാന ജനറൽ സെക്രട്ടറി പി.ജി. മോഹനൻ ഉൽഘാടനം ചെയ്യുന്നു.*

# കേരളത്തിൽ ഇന്ധന വിതരണത്തിന് നിയന്ത്രണങ്ങളില്ല

**തിരുവനന്തപുരം:** ആഗോള പ്രതിസന്ധിക്കിടയിലും കേരളത്തിലുടനീളം പെട്രോൾ, ഡീസൽ, എൽ.പി.ജി (പാചകവാതകം) എന്നിവയുടെ തടസ്സമില്ലാത്ത വിതരണം പൊതുമേഖലാ എണ്ണ വിപണന കമ്പനികളായ ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ, ബി.പി.സി.എൽ, എച്ച്.പി.സി.എൽ എന്നിവ തുടരുന്നുവെന്ന് കേന്ദ്രസർക്കാർ വ്യക്തമാക്കി. ടെർമിനലുകൾ, ഡിപ്പോകൾ, എൽ.പി.ജി ബോട്ട്ലിങ് പ്ലാന്റുകൾ, റീട്ടെയിൽ ഔട്ട്ലെറ്റുകൾ എന്നിവയടങ്ങുന്ന വിപുലമായ വിതരണ ശൃംഖലയിലൂടെ ഇന്ധന ലഭ്യത ഉറപ്പാക്കാൻ എണ്ണ വ്യവസായ മേഖല പൂർണ്ണ സജ്ജമാണ്. സുരക്ഷാമാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട്, സംസ്ഥാനത്തെ മുഴുവൻ ഔട്ട്ലെറ്റുകളിലും യാതൊരുവിധ നിയന്ത്രണങ്ങളുമില്ലാതെ ഇന്ധന വിതരണം സുഗമമായി തുടരുന്നത് ഉറപ്പാക്കായിട്ടുണ്ട്. ഇന്ധന വിതരണ ശൃംഖലയിൽ ആവശ്യത്തിന് പെട്രോളിയം ഉൽപ്പന്നങ്ങൾ ലഭ്യമാണെന്നും ഉപഭോക്താക്കളുടെ യഥാർത്ഥ ആവശ്യങ്ങൾ കാര്യക്ഷമമായി നിറവേറ്റുന്നതിനായി സ്റ്റോക്കുകൾ തുടർച്ചയായി പുതുക്കുന്നുണ്ടെന്നും അധികൃതർ അറിയിച്ചു. ഗാർഹിക ഉപഭോക്താക്കൾക്കുള്ള എൽ.പി.ജി (പാചകവാതകം) വിതരണവും സാധാരണ നിലയിലാണ്. സംസ്ഥാനത്തുടനീളം സിലിണ്ടറുകളുടെ വിതരണം സുഗമമായി പുരോഗമിക്കുന്നു. പൊതുജനങ്ങൾക്ക് തടസ്സമില്ലാതെ ഊർജ്ജ ലഭ്യത ഉറപ്പാക്കുന്നതിനായി പൊതുമേഖലാ എണ്ണ വിപണന കമ്പനികൾ ലോജിസ്റ്റിക്സ്, സ്റ്റോക്ക് ക്രമീകരണം, വിതരണ ആസൂത്രണം എന്നിവയെ പരസ്പരം ഏകോപിപ്പിച്ചുകൊണ്ടാണ് പ്രവർത്തിക്കുന്നത്. നിലവിൽ ഇന്ധന വിതരണ സാഹചര്യം പൂർണ്ണമായും സുസ്ഥിരമാണെന്നും സ്ഥിതിഗതികൾ നിരന്തരം നിരീക്ഷിച്ചുവരികയാണെന്നും എണ്ണക്കമ്പനികൾ അറിയിച്ചു. പൊതുജനങ്ങൾ സാധാരണ നിലയിലുള്ള വാങ്ങൽ രീതി തുടരണമെന്നും അനാവശ്യമായ പരിഭ്രാന്തി മൂലം സാധനങ്ങൾ കൂട്ടത്തോടെ വാങ്ങി കൂട്ടുന്നത് ഒഴിവാക്കണമെന്നും അഭ്യർത്ഥിക്കുന്നു. ഇന്ധന ലഭ്യതയുമായി ബന്ധപ്പെട്ട വിശ്വസനീയവും ഔദ്യോഗികവുമായ വിവരങ്ങൾക്കായി എണ്ണ വിപണന കമ്പനികൾ പുറപ്പെടുവിക്കുന്ന ഔദ്യോഗിക അറിയിപ്പുകളെ മാത്രം ആശ്രയിക്കാനും അധികൃതർ ജനങ്ങളോട് നിർദ്ദേശിച്ചു.

# മലങ്കര ഡാമിന്റെ ഷട്ടറുകൾ തുറക്കുന്നു; ജാഗ്രതാ നിർദ്ദേശം

**ഇടുക്കി:** കാലവർഷ മുന്നൊരുക്കങ്ങളുടെ ഭാഗമായി മലങ്കര ഡാമിൽ അടിയന്തിര അറ്റകുറ്റപ്പണികൾ നടത്തുന്നതിനാൽ ഡാമിന്റെ ഷട്ടറുകൾ ഘട്ടം ഘട്ടമായി തുറക്കുമെന്ന് ജില്ലാ ദുരന്തനിവാരണ അതോറിറ്റി അറിയിച്ചു. ഡാം അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിലാണ് നിർദ്ദേശം. ഡാമിലെ ജലനിരപ്പ് +36.90 മീറ്ററിലേക്ക് താഴ്ന്നിട്ടുണ്ട്. ഇതിനായി ഇന്നലെ മുതൽ കനാൽ വഴിയുള്ള ജലവിതരണം നിർത്തിവെച്ചിരിക്കുകയാണ്.

തുടർന്നായിരിക്കും സ്പിൽവേ ഷട്ടറുകൾ ഘട്ടങ്ങളായി തുറക്കുക. പുഴക്കരകളിൽ താമസിക്കുന്നവരും പൊതുജനങ്ങളും ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കണമെന്നും ജാഗ്രത പാലിക്കണമെന്നും ജില്ലാ ദുരന്തനിവാരണ അതോറിറ്റി അറിയിച്ചു.

# കാലവർഷം: എല്ലാ തദ്ദേശസ്ഥാപനങ്ങളും കൺട്രോൾ റൂമുകൾ തുറക്കണമെന്ന് ജില്ലാ കളക്ടർ




*മഴക്കാല മുന്നൊരുക്കങ്ങൾ വിലയിരുത്താൻ ചേർന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരുടെ യോഗത്തിൽ ഡി എം ഡെപ്യൂട്ടി കളക്ടർ ജി ശ്രീകുമാർ സംസാരിക്കുന്നു. ജില്ലാ കളക്ടർ ജി പ്രിയങ്ക സമീപം*

**കൊച്ചി:** കാലവർഷം ശക്തമാകുന്നതിന് മുന്നോടിയായി ജില്ലയിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന പ്രത്യേക കൺട്രോൾ റൂമുകൾ തുറക്കണമെന്ന് ജില്ലാ കളക്ടർ ജി പ്രിയങ്ക പറഞ്ഞു. മഴക്കാല മുന്നൊരുക്കങ്ങൾ വിലയിരുത്താൻ ചേർന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു ജില്ലാ കളക്ടർ.

ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിൽ യാതൊരുവിധ വിട്ടുവീഴ്ചയും അനുവദിക്കില്ല. അപകടാവസ്ഥയിലുള്ള മരങ്ങൾ മുറിച്ചുമാറ്റുന്നതിനും, ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനും വാടകയ്ക്ക് എടുക്കുന്നതിനും ഉടൻ നടപടി സ്വീകരിക്കണം. തദ്ദേശസ്ഥാപനങ്ങളിലെ ട്രീ കമ്മിറ്റികൾ അടിയന്തരമായി യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തണം. ദുരിതാശ്വാസ ക്യാമ്പുകളിലും സൈക്ലോൺ സെന്ററുകളിലും വില്ലേജ് ഓഫീസർമാരുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട എല്ലാ വകുപ്പുകളെയും ഏകോപിപ്പിച്ച് പരിശോധന നടത്തണം. ക്യാമ്പുകളായി നിശ്ചയിച്ചിട്ടുള്ള കെട്ടിടങ്ങളിൽ ആവശ്യമായ എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളും ഉണ്ടെന്ന് ഉറപ്പുവരുത്തണം. നിലവിലുള്ള സൗകര്യങ്ങൾ അപര്യാപ്തമാണെന്ന് കണ്ടെത്തുന്ന പക്ഷം, കൃത്യമായ പ്രൊപ്പോസലുകൾ നൽകി ദുരിതാശ്വാസ ഫണ്ടിൽനിന്ന് തുക കൈപ്പറ്റണമെന്നും ജില്ലാ കളക്ടർ പറഞ്ഞു.

ക്യാമ്പുകളിലേക്ക് ആവശ്യമായ അവശ്യസാധനങ്ങൾ വിതരണം ചെയ്യുന്നതിനായി മുൻകൂട്ടി റേറ്റ് കോൺട്രാക്റ്റുകൾ ഉറപ്പാക്കണമെന്നും യോഗം നിർദേശിച്ചു.

ഗർഭിണികൾ, കുട്ടികൾ, കിടപ്പുരോഗികൾ തുടങ്ങിയ ഭിന്നശേഷിക്കാരായ ദുർബല വിഭാഗങ്ങളുടെ കൃത്യമായ വിവരങ്ങൾ തദ്ദേശസ്ഥാപനങ്ങൾ ശേഖരിക്കണം. അതോടൊപ്പം ഓരോ പ്രദേശത്തെയും ലഭ്യമായ ആംബുലൻസുകൾ, മണ്ണുമാന്തി യന്ത്രങ്ങൾ ഉൾപ്പെടെയുള്ള സജ്ജീകരണങ്ങളുടെ വിശദമായ വിവരങ്ങൾ, ട്രീ കമ്മറ്റികൾ ചേർന്നതിന്റെ വിവരങ്ങൾ, കൺട്രോൾ റൂം നമ്പറുകൾ എന്നിവ അതത് ജില്ലാ ദുരന്തനിവാരണ അതോറിറ്റിക്കും താലൂക്ക് ഓഫീസുകൾക്കും മെയ് 25-നകം ഗൂഗിൾ ഷീറ്റ് വഴി കൈമാറണമെന്നും യോഗം നിർദ്ദേശിച്ചു.

## ഓറഞ്ച് ബുക്ക് മാർഗരേഖ

**കൊച്ചി:** കാലവർഷ മുന്നൊരുക്കങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ 'ഓറഞ്ച് ബുക്ക്' മാർഗരേഖ യോഗത്തിൽ അവതരിപ്പിച്ചു. പ്രകൃതിക്ഷോഭങ്ങളും അടിയന്തര സാഹചര്യങ്ങളും ഉണ്ടായാൽ തദ്ദേശസ്ഥാപനങ്ങളും വിവിധ വകുപ്പുകളും സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചും, ദുരിതാശ്വാസ ക്യാമ്പുകൾ സജ്ജമാക്കേണ്ട രീതികളെക്കുറിച്ചുമാണ് മാർഗരേഖയിൽ വ്യക്തമാക്കുന്നത്.

കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ ദുരന്തനിവാരണം ഡെപ്യൂട്ടി കളക്ടർ ജി ശ്രീകുമാർ, ശുചിത്വ മിഷൻ ജില്ലാ കോഓഡിനേറ്റർ ശീതൾ ജി. മോഹൻ, ഹസാർഡ് അനലിസ്റ്റ് അഞ്ജലി പരമേശ്വരൻ മറ്റു ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

# വല്ലാർപാടം ബസിലിക്കയിൽ പരിശുദ്ധാരൂപിയുടെ തിരുനാളിന് കൊടിയേറി



**കൊച്ചി:** ചരിത്രപ്രസിദ്ധ മരിയൻ തീർത്ഥാടന കേന്ദ്രമായ വല്ലാർപാടം ബസിലിക്കയിൽ ഈ വർഷത്തെ പെന്തക്കോസ്ത തിരുനാളിന് ജാൻസി രൂപത ബിഷപ്പ് എമിരിത്തൂസ് ഡോ. പീറ്റർ പറപ്പിള്ളി കൊടിയേറ്റിയതോടെ തുടക്കമായി. തുടർന്നുള്ള ദിവ്യബലിയിൽ അദ്ദേഹം മുഖ്യകാർമ്മികനായിരുന്നു. ഫാ. സിജൻ മണുവേലിപറമ്പിൽ പ്രസംഗിച്ചു. പോർച്ചുഗീസ് മിഷനറിമാരാൽ AD 1524 ൽ വിമോചകനാഥയുടെ തിരുച്ചിത്രം സ്ഥാപിച്ചതും പിൽക്കാലത്ത് പരിശുദ്ധ വല്ലാർപാടത്തമ്മയുടെ നാമത്തിൽ പ്രശസ്തിയാർജ്ജിച്ചതുമായ വല്ലാർപാടം ബസിലിക്ക, പരിശുദ്ധാരൂപിയുടെ നാമധേയത്തിലുള്ള ഏഷ്യയിലെ ഏക ദേവാലയമാണ്. പരിശുദ്ധാരൂപിയുടെ അഞ്ഞൂറ്റി രണ്ടാമത് തിരുനാളിനാണ് ആരംഭമായിരിക്കുന്നത്. ആറു നാൾ നീണ്ടു നില്ക്കുന്ന തിരുനാളാഘോഷങ്ങൾ 24 ന് ഞായറാഴ്ച്ച സമാപിക്കും. തിരുനാൾ ദിനങ്ങളിലെ തിരുക്കർമ്മങ്ങളിൽ വരാപ്പുഴ അതിരൂപത ചാൻസലർ ഫാ.എബിജിൻ അറക്കൽ, ഫാ. സെൽവൻ ലാസർ, ഫാ.പോൾസൺ സിമേന്തി, വരാപ്പുഴ അതിരൂപത വികാരി ജനറൽ മോൺസിഞ്ഞോർ മാത്യു ഇലഞ്ഞിമറ്റം എന്നിവർ മുഖ്യകാർമ്മികരായിരിക്കും. തിരുനാൾസമാപന ദിനത്തിലെ പൊന്തിഫിക്കൽ ദിവ്യബലിക്ക് വരാപ്പുഴ അതിരൂപതാ സഹായ മെത്രാൻ ഡോ ആന്റണി വാലുങ്കൽ മുഖ്യ കാർമ്മികത്വം വഹിക്കും. ഫാ. ജോസ് തോമസ് ഛരമാ പ്രസംഗിക്കും. മെയ് 31 ന് ഞായറാഴ്ച്ച എട്ടാം തിരുനാളിന്റെ ദിവ്യബലിയ്ക്ക് വരാപ്പുഴ അതിരൂപത വികാരി ജനറൽ മോൺ. മാത്യു കല്ലിങ്കൽ മുഖ്യ കാർമ്മികനായിരിക്കും. ഫാ. സെബി വികൂർ പ്രസംഗിക്കും. അൻപത് പേരടങ്ങുന്ന പ്രസുദേന്തി കൂട്ടായ്മയാണ് ഇത്തവണ തിരുനാൾ ആഘോഷങ്ങൾക്ക് നേതൃത്വം നൽകുന്നത്.

തിരുനാളാഘോഷങ്ങളുമായി ബന്ധപ്പെട്ട ഒരുക്കങ്ങൾ പൂർത്തിയായതായി ബസിലിക്ക റെക്ടർ ഫാ. ജെറോം ചമ്മിണിക്കോടത്ത്, സഹവികാരിമാരായ ഫാ. ആന്റണി ഷൈൻ കാട്ടുപറമ്പിൽ, ഫാ. ജിക്സൺ ജോണി ചേരിയിൽ, ഫാ. അമൽ ആന്റണി മാളിയേക്കൽ എന്നിവർ അറിയിച്ചു.

# ബിഎസ്എൻഎൽ 'കണക്റ്റ് 2026' സെമിനാർ സംഘടിപ്പിച്ചു

**തിരുവനന്തപുരം:** ലോക ടെലികമ്മ്യൂണിക്കേഷൻ ആൻഡ് ഇൻഫർമേഷൻ സൊസൈറ്റി ദിനാചരണത്തിന്റെ ഭാഗമായി ഭാരത് സഞ്ചാർ നിഗം ലിമിറ്റഡ് (ബിഎസ്എൻഎൽ) തിരുവനന്തപുരം ബിസിനസ് ഏരിയയുടെ ആഭിമുഖ്യത്തിൽ 'കണക്റ്റ് 2026 റെസിലന്റ് നെറ്റ്‌വർക്കുകൾ, റോബസ്റ്റ് നേഷൻ' എന്ന പേരിൽ ഏകദിന സെമിനാർ സംഘടിപ്പിച്ചു. കേരള സ്റ്റേറ്റ് ഐടി മിഷൻ ഡയറക്ടർ സന്ദീപ് കുമാർ ഐഎഎസ് പ്രത്യേക അതിഥിയായി പങ്കെടുത്തു. ബിഎസ്എൻഎൽ കേരള സർക്കിൾ ചീഫ് ജനറൽ മാനേജർ ആർ. സജി കുമാർ ഐടിഎസ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. 'Digital Lifelines: tSrengthening Resilience in a Connected World' എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന സെമിനാറിൽ ഗവൺമെന്റ്, ഐടി, ടെലികോം, അക്കാദമിക് രംഗം ഉൾപ്പെടെ വിവിധ മേഖലകളിൽ നിന്നായി ഏകദേശം 150 പേർ പങ്കെടുത്തു. സ്മാർട്ട് സിറ്റി, വൈദ്യുതി ബോർഡ്, വനം, ഐടി, ദുരന്തനിവാരണം തുടങ്ങിയ വിവിധ മേഖലകളിൽ നിന്നുള്ള വിദഗ്ദർ അതത് മേഖലകളിലെ ഉയർന്നുവരുന്ന ടെലികോം ആവശ്യകതകളെക്കുറിച്ച് ആശയവിനിമയം നടത്തി.

രാജ്യത്തിന്റെ ഡിജിറ്റൽ അടിസ്ഥാനസൗകര്യങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും ഭാവിയിലേക്കുള്ള സുസ്ഥിര ആശയവിനിമയ ശൃംഖലകൾ വികസിപ്പിക്കുന്നതിനും ഇത്തരം സംവാദങ്ങൾ സഹായകരമാണെന്ന് പങ്കെടുത്തവർ അഭിപ്രായപ്പെട്ടു.

# ഐ ഐ ഐ സി യിൽ സർക്കാർ സൗജന്യ തൊഴിൽ പരിശീലന പരിപാടികൾ

**കൊല്ലം:** സംസ്ഥാന സർക്കാർ തൊഴിൽ വകുപ്പിന് കീഴിൽ കൊല്ലം ചവറയിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റിയൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷനിൽ പ്രധാനമന്ത്രി കൗശൽ വികാസ് യോജന പദ്ധതിയിൽ നാല് വ്യത്യസ്ത പരിശീലനങ്ങളിൽ സൗജന്യമായി പഠിക്കാം. അപേക്ഷകർക്ക് പതിനെട്ടു വയസ്സ് പൂർത്തീകരിക്കണം. ഭാരതീയനായ ഏതുവിഭാഗത്തിൽപ്പെടുന്ന വ്യക്തിക്കും പിഎംകെവിവൈ പരിശീലനത്തിൽ പങ്കെടുക്കാവുന്നതാണ്. അപേക്ഷിക്കുവാൻ ആഗ്രഹിക്കുന്നവർ യോഗ്യത തെളിയിക്കുന്ന രേഖകൾ, ആധാർ കാർഡ് എന്നിവയുമായി മെയ് 30 ന് മുൻപായി കൊല്ലം ചവറയിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റിയൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷനിൽ നേരിട്ട് ഹാജരാവുക. നേരിട്ട് ഐ ഐ ഐ സി യിലെത്തി അപ്ലിക്കേഷൻ നൽകുവാൻ സാധിക്കാത്തവർ വിവരങ്ങൾക്കും രജിസ്ട്രേഷനും 8078980000 ൽ ബന്ധപ്പെടുക. പരിശീലനം 2026 ജൂൺ ഒന്നിന് ആരംഭിക്കും. വെബ്സൈറ്റ് :www.iiic.ac.in.

# അക്കൗണ്ടന്റുമാരിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചു

**കൊച്ചി:** എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി വികസന സമിതിയുടെ 2025-26 സാമ്പത്തിക വർഷത്തെ വരവ് ചിലവ് കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിന് ചാർട്ടേർഡ് അക്കൗണ്ടന്റുമാരിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചു. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ്, രസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ട്രയൽ ബാലൻസ് എന്നിവയാണ് തയ്യാറാക്കേണ്ടത്. സീൽ ചെയ്ത കവറിലുള്ള ക്വട്ടേഷനുകൾ സെക്രട്ടറി, എച്ച്.ഡി.എസ് മെഡിക്കൽ കോളേജ് ആശുപത്രി, എറണാകുളം എന്ന വിലാസത്തിൽ തപാലിലോ നേരിട്ടോ സമർപ്പിക്കാം. കവറിനു മുകളിൽ ക്വട്ടേഷൻ നമ്പറും ആവശ്യവും രേഖപ്പെടുത്തണം. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 2026 മെയ് 29 ഉച്ചയ്ക്ക് 2. കൂടുതൽ വിവരങ്ങൾക്ക് ആശുപത്രി വികസന സമിതി ഓഫീസുമായി ബന്ധപ്പെടുക. ഫോൺ : 0484-2754000

# അന്താരാഷ്ട്ര റോമിങ് പദ്ധതികൾ അവതരിപ്പിച്ച് വി

കൊച്ചി: അന്താരാഷ്ട്ര യാത്രക്കാർക്ക് കൂടുതൽ സൗകര്യപ്രദമായ രീതിയിൽ മുൻനിര ടെലികോം സേവന ദാതാക്കളായ വി പോസ്റ്റ്പെയ്ഡ് ഉപഭോക്താക്കൾക്കായി ഏഴു ദിവസം, 14 ദിവസം, 21 ദിവസം എന്നിങ്ങനെയുള്ള അന്താരാഷ്ട്ര റോമിങ് പദ്ധതികൾ പുതുതായി അവതരിപ്പിച്ചു. പരിധിയില്ലാത്ത ഡാറ്റ, അന്താരാഷ്ട്ര യാത്രകൾക്കിടെ ആത്മവിശ്വാസത്തോടെ കണക്റ്റഡ് ആയിരിക്കാനുള്ള അവസരം തുടങ്ങി 17 മികച്ച സവിശേഷതകളാണ് വി ലഭ്യമാക്കുന്നത്. ഒരു ദിവസത്തെ യാത്ര മുതൽ 30 ദിവസത്തെ യാത്ര വരെ സേവനം ലഭ്യമാക്കുന്ന പദ്ധതികളാണിവിടെ ലഭ്യമായിട്ടുള്ളത്. 749 രൂപയ്ക്ക് പരിധിയില്ലാത്ത നേട്ടങ്ങളുമായി 40 രാജ്യങ്ങളിലും പരിധിയുള്ള നേട്ടങ്ങളോടെ 120 രാജ്യങ്ങളിലും സേവനം ലഭ്യമാക്കുന്നതാണ് ഒരു ദിവസത്തെ പദ്ധതി. 30 ദിവസത്തെ കാലാവധിയുള്ള പദ്ധതികൾ 5999 രൂപ, 3999 രൂപ നിരക്കുകളിൽ ലഭ്യമാണ്. പരിധിയില്ലാത്ത ഡാറ്റയും വോയ്സ് കോളുകളും ലഭ്യമാക്കുന്ന വിവിധ പദ്ധതികൾ ഒരു ദിവസം, ഏഴു ദിവസം, പത്തു ദിവസം, 14 ദിവസം, 21 ദിവസം എന്നീ കാലാവധികളിലും ലഭ്യമാക്കിയിട്ടുണ്ട്. വി ആപ്പിലൂടെ അന്താരാഷ്ട്ര റോമിങ് പദ്ധതികൾ സൗകര്യപ്രദമായി വാങ്ങാനും അവസരമുണ്ട്. അന്താരാഷ്ട്ര യാത്രകൾക്കിടെയുള്ള ആവശ്യങ്ങൾ കൂടുതൽ വൈവിധ്യമാർന്നതായി മാറിക്കൊണ്ടിരിക്കുകയാണെന്ന് വി ചീഫ് മാർക്കറ്റിങ് ഓഫിസർ അവനീഷ് ഖോസ്ല പറഞ്ഞു. വിയുടെ സൗകര്യപ്രദമായ പോസറ്റ് പെയ്ഡ് പദ്ധതികൾ ആഗോള കണക്ടിവിറ്റി ലളിതമാക്കുകയും ഉപഭോക്താക്കൾക്ക് തങ്ങളുടെ ആവശ്യങ്ങൾക്ക് അനുസൃതമായ പദ്ധതികൾ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം നൽകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# ഐസിഐസിഐ 30 ഇൻഡക്സ് ഫണ്ടിന് മികച്ച പ്രതികരണം

**തിരുവനന്തപുരം:** യൂണിറ്റ് ലിങ്ക്ഡ് ഇൻഷുറൻസ് പ്ലാനുകൾക്കായി ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് പുറത്തിറക്കിയ പുതിയ ഫണ്ടിന് മികച്ച പ്രതികരണം. മികച്ച സാമ്പത്തിക അടിത്തറയുള്ളതും എന്നാൽ വിപണിയിൽ ആകർഷകമായ മൂല്യത്തിൽ ലഭ്യമായതുമായ ലാർജ്ക്യാപ്, മിഡ്ക്യാപ് കമ്പനികളിൽ നിക്ഷേപിച്ച് ദീർഘകാലാടിസ്ഥാനത്തിൽ ആസ്തി വർധിപ്പിക്കാൻ നിക്ഷേപകരെ സഹായിക്കുകയെന്ന ലക്ഷ്യത്തോടെയാണ് പുതിയ ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ബിഎസ്ഇ എൻഹാൻസ്ഡ് വാല്യൂ 30 ഇൻഡക്സ് ഫണ്ട് പുറത്തിറക്കിയതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

ബിഎസ്ഇ ലാർജ്മിഡ്ക്യാപ് വിഭാഗത്തിൽ നിന്നുള്ള 30 മികച്ച കമ്പനികളെയാണ് ഫണ്ടിനായി തിരഞ്ഞെടുക്കുന്നത്. 2026 മാർച്ച് 30ലെ കണക്കുകൾ പ്രകാരം ഈ ഇൻഡക്സ് കഴിഞ്ഞ മൂന്ന് വർഷത്തിനിടെ 32 ശതമാനവും 10 വർഷത്തിനിടെ 19.4 ശതമാനവും വാർഷികാദായം നൽകിയിട്ടുണ്ട്. ഓഹരി വിപണിയിലെ മാറ്റങ്ങൾക്കനുസരിച്ച് വർഷത്തിൽ രുതവണ ഈ പോർട്ട്ഫോളിയോ പുനഃക്രമീകരിക്കും.

# ശുദ്ധീകരിച്ച കല്ലുമ്മക്കായ സിഎംഎഫ്ആർഐയിൽ വിൽപ്പനയ്ക്ക്

**കൊച്ചി:** ശുദ്ധീകരിച്ച കല്ലുമ്മക്കായ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) വിൽപനയ്ക്ക്. സിഎംഎഫ്ആർഐയുടെ നേതൃത്വത്തിലുള്ള കല്ലുമ്മക്കായ ഫാമുകളിൽ നിന്ന് വിളവെടുത്ത കല്ലുമ്മക്കായ കാർഷിക സാങ്കേതികവിദ്യാ കേന്ദ്രം വഴിയാണ് വിൽപന നടത്തുന്നത്. പൂർണ്ണമായും ശാസ്ത്രീയമായ രീതിയിൽ സംസ്കരണം നടത്തി ശുദ്ധീകരിച്ചതാണ് തോട് കളഞ്ഞ കല്ലുമ്മക്കായ. 250 ഗ്രാമിന്റെ പാക്കറ്റിന് 275 രൂപയാണ് വില.പ്രവൃത്തിദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം 4 മണി വരെയാണ് വിൽപന സമയം. ഫോൺ 99450 35707.

# വായിലെ കാൻസർ: പദ്ധതിക്ക് തുടക്കമിട്ട് ഇന്ത്യൻ ഡെന്റൽ അസോസിയേഷൻ

**കൊച്ചി:** വായിലെ കാൻസർ പ്രാരംഭ ഘട്ടത്തിൽ തന്നെ കണ്ടെത്തി രോഗികളെ വേഗത്തിൽ വിദഗ്ധ ചികിത്സയിലേക്ക് എത്തിക്കുന്നതിനുള്ള സംസ്ഥാനതല പദ്ധതിക്ക് തുടക്കമായി. ഡെന്റൽ വിദഗ്ധർ, കാൻസർ ചികിത്സ രംഗത്തെ പ്രമുഖ ഡോക്ടർമാർ, ആരോഗ്യ സംരക്ഷണ സ്ഥാനങ്ങൾ എന്നിവയുടെ കൂട്ടായ്മയിലാണ് പദ്ധതി നടപ്പാക്കുന്നത്.




ക്യാൻവിൻ (CanWin) എന്ന പേരിൽ ആവിഷ്കരിച്ച പദ്ധതിക്ക് ഇന്ത്യൻ ഡെന്റൽ അസോസിയേഷനാണ് (ഐ.ഡി.എ). നേതൃത്വം നൽകുന്നത്. വി.പി.എസ് ലേക്ഷോർ ആശുപത്രി, ചിറ്റിലപ്പള്ളി ഫൗണ്ടേഷൻ എന്നിവ ഉൾപ്പെടെ ആരോഗ്യ സ്ഥാപനങ്ങളാണ് പിന്തുണ നൽകുന്നത്. ഇന്ത്യയിൽ പൊതുജനാരോഗ്യ രംഗത്തെ ഏറ്റവും വലിയ വെല്ലുവിളിയായി വായയിലെ കാൻസർ തുടരുകയാണെന്ന് ഐ.ഡി.എ കേരള സംസ്ഥാന പ്രസിഡന്റ് ഡോ. ഈപ്പൻ തോമസ് വ്യക്തമാക്കി. ഗുരുതരാവസ്ഥയിലെത്തിയ ശേഷമാണ് ഭൂരിഭാഗം രോഗികളും ചികിത്സ തേടുന്നത്. രോഗം മുൻകൂട്ടി തിരിച്ചറിയുകയെന്ന ലക്ഷ്യത്തോടെ കൂട്ടായ പരിശോധന നടത്തുന്നതിന് പ്രാധാന്യം നൽകുന്നുവെന്നതാണ് പദ്ധതിയുടെ പ്രത്യേകതയെന്നും അദ്ദേഹം പറഞ്ഞു. ദേശീയ തലത്തിലെ കണക്കുകൾ പ്രകാരം ആകെയുള്ള കാൻസർ രോഗികളിൽ 30 ശതമാനവും വായിലെ കാൻസർ ബാധിതരാണ്. ഇതിൽ 70 ശതമാനത്തിലധികം കേസുകളിലും വൈകിയാണ് രോഗനിർണയം നടക്കുന്നത്. അതേസമയം, പ്രാരംഭ ഘട്ടത്തിലുള്ള രോഗനിർണയം അതിജീവന നിരക്ക് ഗണ്യമായി ഉയർത്താൻ സഹായകമാകും.

# 10.5 ബില്യൺ ഡോളർ സമാഹരിച്ച് ബെയ്ൻ ക്യാപിറ്റൽ

**കൊച്ചി:** പ്രമുഖ ആഗോള നിക്ഷേപ സ്ഥാപനമായ ബെയ്ൻ ക്യാപിറ്റൽ തങ്ങളുടെ ഏഷ്യ ഫണ്ട് VI വിജയകരമായി ക്ലോസ് ചെയ്തു. 7 ബില്യൺ ഡോളർ ലക്ഷ്യമിട്ടിരുന്ന സ്ഥാനത്ത് 10.5 ബില്യൺ ഡോളറാണ് സമാഹരിച്ചത്. ആകെ സമാഹരിച്ച 10.5 ബില്യൺ ഡോളറിൽ 9.1 ബില്യൺ ഡോളറും പുറത്തുനിന്നുള്ള നിക്ഷേപകരിൽ നിന്നാണ്. ഏഷ്യൻ വിപണിയിലെ കമ്പനിയുടെ 20 വർഷത്തെ മികച്ച പ്രവർത്തന പാരമ്പര്യത്തിനുള്ള അംഗീകാരമാണ് ഈ നേട്ടം. ബെയിൻ ക്യാപിറ്റലിന്റെ പങ്കാളികൾ, ജീവനക്കാർ, അനുബന്ധ സ്ഥാപനങ്ങൾ എന്നിവർ മൂലധന നിക്ഷേപം നടത്തുകയും സംയുക്തമായി ഈ ഫിലെ ഏറ്റവും വലിയ ഏക നിക്ഷേപകരായി മാറുകയും ചെയ്തു. വ്യവസായം, ടെക്നോളജി, ഹെൽത്ത്കെയർ, കൺസ്യൂമർ, ഇൻഡസ്ട്രിയൽസ്, ഫിനാൻഷ്യൽ സർവീസസ് എന്നീ മേഖലകളിലാണ് പ്രധാനമായും കമ്പനി നിക്ഷേപം നടത്തുന്നത്.

# ദുബായ് ചേംബർ ഓഫ് കൊമേഴ്സിൽ 3,995 പുതിയ ഇന്ത്യൻ കമ്പനികൾ അംഗത്വം നേടി

**കൊച്ചി:** ദുബായ് ചേംബേഴ്സിന് കീഴിലുള്ള ദുബായ് ചേംബർ ഓഫ് കൊമേഴ്സിൽ 2026 ന്റെ ആദ്യ പാദത്തിൽ 3,995 പുതിയ ഇന്ത്യൻ കമ്പനികൾ അംഗത്വം നേടിയതായി ഭാരവാഹികൾ അറിയിച്ചു. ഇതോടെ സജീവ അംഗത്വമുള്ള ദുബായിലെ ഇന്ത്യൻ കമ്പനികളുടെ എണ്ണം 84,088 ആയി ഉയർന്നു. ആഗോള വ്യാപാര മേഖല കൂടുതൽ സങ്കീർണമാകുന്ന സാഹചര്യത്തിലും ഇന്ത്യൻ കമ്പനികൾ ദുബായിയെ വിശ്വസനീയ ആഗോള വ്യാപാരനിക്ഷേപ കേന്ദ്രമായി കാണുന്നതിന്റെ തെളിവാണിതെന്നും അവർ വ്യക്തമാക്കി. ബിസിനസ് തുടർച്ച, ആഗോള വികസനം, ദീർഘകാല വളർച്ച എന്നിവയ്ക്ക് അനുയോജ്യമായ അന്തരീക്ഷമാണ് ദുബായ് ഒരുക്കുന്നത്. ആഗോള പ്രതിസന്ധികളുടെയും മാറ്റങ്ങളുടെയും കാലത്തും സ്ഥിരത, സുരക്ഷ, ലോകോത്തര അടിസ്ഥാന സൗകര്യങ്ങൾ, ബിസിനസ് സൗഹൃദ നയങ്ങൾ എന്നിവയിലൂടെ ദുബായ് കമ്പനികൾക്ക് ആത്മവിശ്വാസത്തോടെ മുന്നേറാൻ അവസരം സൃഷ്ടിച്ചിട്ടുണ്ടെന്നും നിരവധി പ്രമുഖ ഇന്ത്യൻ വ്യവസായികളും ചൂണ്ടിക്കാട്ടി. ദുബായുടെ ദൂരദർശിയായ ഭരണനയങ്ങളും ശക്തമായ വ്യാപാര അന്തരീക്ഷവും ഇന്ത്യൻ ബിസിനസുകളുടെ ആഗോള വളർച്ചയ്ക്ക് നിർണായകമാണെന്ന് ദുബായ് ചേംബേഴ്സ് പ്രസിഡന്റും സിഇഒയുമായ മുഹമ്മദ് അലി റാഷിദ് ലൂത്ത, ജോയലുക്കാസ് ഗ്രൂപ്പ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ. ജോയ് ആലുക്കാസ്, ഇന്ത്യൻ ബിസിനസ് ആന്റ് പ്രൊഫഷണൽ കൗൺസിൽ ചെയർമാൻ സിദ്ധാർത്ഥ് ബാലചന്ദ്രൻ, ആപ്പ്കോർപ് ഹോൾഡിംഗ് ചെയർമാനും അപ്പാരൽ ഗ്രൂപ്പ് ഉടമയുമായ നിലേഷ് വേദ് എന്നിവരും അഭിപ്രായപ്പെട്ടു.

# ‘പ്രയോരിറ്റി പോസ്റ്റ്പേയ്ഡ്’ അവതരിപ്പിച്ച് എയർടെൽ

**കൊച്ചി:** ഭാരതി എയർടെൽ 5ജി സ്ലൈസിങ് സാങ്കേതികവിദ്യ അടിസ്ഥാനമാക്കി ’പ്രയോരിറ്റി പോസ്റ്റ്പെയ്ഡ്’ സേവനം അവതരിപ്പിച്ചു. പോസ്റ്റ്പെയ്ഡ് ഉപഭോക്താക്കൾക്ക്, കൂടുതൽ സ്ഥിരതയാർന്നതും വേഗമേറിയതുമായ നെറ്റ്വർക്ക് അനുഭവം നൽകുകയാണ് ലക്ഷ്യമെന്ന് കമ്പനി അറിയിച്ചു.

തൊഴിൽ, വിനോദം, ഓൺലൈൻ കൊളാബറേഷൻ എന്നിവയ്ക്കായി തടസ്സരഹിതമായ കണക്ടിവിറ്റി ലഭ്യമാകുമെന്ന് കമ്പനി അധികൃതർ അറിയിച്ചു. ഇന്ത്യയിൽ ഇത്തരമൊരു 5ജി സ്ലൈസിങ് അധിഷ്ഠിത സേവനം ആദ്യമായി അവതരിപ്പിക്കുന്നത് എയർടെലാണ്. നിലവിലെ പോസ്റ്റ്പെയ്ഡ് ഉപഭോക്താക്കൾക്ക് സേവനം സ്വമേധയാ ലഭ്യമാകും.

ഏറ്റവും പുതിയ സോഫ്റ്റുവെയർ അപ്ഗ്രേഡുകളുള്ള ഏതൊരു 5ജി എസ്എ എനേബിൾഡ് സ്മാർട്ട്ഫോണിലും പ്രയോരിറ്റി സേവനം ആസ്വദിക്കാം.

പ്രീപെയ്ഡ് ഉപഭോക്താക്കൾക്ക് എയർടെൽ ആപ്പ് വഴിയോ സ്റ്റോർ സന്ദർശിച്ചോ പോസ്റ്റ്പെയ്ഡിലേക്ക് മാറാമെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# വാക്ക്ഇൻ ഇന്റർവ്യൂ

**കൊച്ചി :** ഐ സി എ ആർ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയിൽ പ്രോജക്റ്റ് അസോസിയേറ്റ് ഒഴിവിലേക്ക് (കരാർ അടിസ്ഥാനത്തിൽ) ഈ മാസം 22 ന് രാവിലെ 10:30 ക്ക് നടത്തപ്പെടുന്നു. കരാർ കാലാവധി പ്രൊജക്റ്റ്

കാലാവധിക്കനുസൃതമായിരിക്കും. യോഗ്യത, പരിചയം, പ്രായം, വേതനം തുടങ്ങിയവ സംബന്ധിച്ച വിശദാംശങ്ങൾക്ക് www.cift.res.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

സൊസൈറ്റി ടുഡേ
SOCIETY TODAY

# കർഷകർക്ക് സുസ്ഥിര വിപണിയും വിലയും ഉറപ്പാക്കൽ; പ്രൊഡക്ടിവ് അലയൻസുമായി 'കേര'

**കൊച്ചി:** കൃഷി വകുപ്പ് ലോകബാങ്കിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന കേര പദ്ധതിയുടെ ഭാഗമായി കർഷകർക്ക് സുസ്ഥിര വിപണിയും വിലയും ഉറപ്പുവരുത്താനുള്ള നൂതന സ്കീമായ പ്രൊഡക്റ്റിവ് അലയൻസിന് തുടക്കമായി. അനേകം ചെറുകിട കർഷകരെ ഒരുമിപ്പിക്കുന്ന ഫാർമർ പ്രൊഡ്യൂസർ കമ്പനികളെയും (എഫ്.പി.സി) കാർഷികോൽപന്നങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ വാങ്ങാൻ തയ്യാറുള്ള ദേശീയഅന്തർ ദേശീയ ബിസിനസ് പങ്കാളികളെയും (എ.ബി.പി )കോർത്തിണക്കി വിപുലമായ സുസ്ഥിര വിപണി ഒരുക്കുന്നതിനായാണ് 'പ്രൊഡക്ടീവ് അലയൻസ്' ലക്ഷ്യം വെയ്ക്കുന്നത്. കേരളത്തിലെ വിളകൾ രാജ്യാന്തര വിപണിയിലെത്തിക്കാനും പദ്ധതി ലക്ഷ്യമിടുന്നു. പാലക്കാട് മുതൽ തിരുവനന്തപുരം വരെയുള്ള 9 ജില്ലകളിലായി 100 പ്രൊഡക്ടിവ് അലയൻസുകൾ രൂപവൽക്കരിക്കുന്നതിനായുള്ള അപേക്ഷകൾ ഇപ്പോൾ സമർപ്പിക്കാവുന്നതാണ്. അടുത്ത രണ്ടു വർഷത്തിനുള്ളിൽ സംസ്ഥാനത്ത് 150 പ്രൊഡക്ടിവ് അലയൻസുകൾ പ്രാവർത്തികമാക്കുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം. കർഷക ഉൽപ്പാദക കമ്പനികളും (FPC), കാർഷിക വാണിജ്യ കമ്പനിയും (ABP) തമ്മിലുള്ള പങ്കാളിത്ത കരാറിന്റെ അടിസ്ഥാനത്തിൽ ഉൽപാദനസഹായത്തിനും ബിസിനസ് വിപുലീകരണത്തിനുമായി ആകെ ചെലവിന്റെ 60 ശതമാനം ഗ്രാന്റായി നൽകും. പരമാവധി രണ്ടുകോടി രൂപ വരെ ഗ്രാന്റായി ഒരു പ്രൊഡക്ടിവ് അലയൻസിനു ലഭിക്കും. ഒപ്പം മൂന്നു വർഷത്തെ സാങ്കേതിക സഹായവും ലഭ്യമാക്കും. കുറഞ്ഞത് പത്തുകോടി രൂപ വാർഷിക വിറ്റുവരവുള്ള കാർഷിക, കാർഷികേതര കമ്പനികൾ, സൂപ്പർമാർക്കറ്റ് ശൃംഖലകൾ, കയറ്റുമതിക്കാർ, ഇകൊമേഴ്സ് പ്ലാറ്റ്ഫോമുകൾ തുടങ്ങിയവർക്കും മൂന്നുവർഷത്തെ പ്രവൃത്തിപരിചയവും ചുരുങ്ങിയത് 200 അംഗങ്ങളുള്ളതും, പത്തുലക്ഷം രൂപ വാർഷിക വിറ്റുവരവുമുള്ള ഫാർമർ പ്രൊഡ്യൂസർ കമ്പനികൾക്കും https://pa.kera.kerala.gov.in/auth/login എന്ന ലിങ്കിൽ അപേക്ഷ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക് 'കേര'യുടെ റീജിയണൽ ഓഫീസുമായോ 9037824056, 9037824026 എന്നീ നമ്പറുകളിലോ ബന്ധപ്പെടണമെന്ന് റീജിയണൽ പ്രോജക്ട് ഡയറക്ടർ അറിയിച്ചു.

# 'ഇന്റഗ്രേറ്റഡ് എന്റർടൈൻമെന്റ് ഇക്കോസിസ്റ്റം' അവതരിപ്പിച്ച് ഡിഷ് ടിവി

**കൊച്ചി:** ഒടിടി സ്ട്രീമിംഗ് പ്ലാറ്റ്ഫോമുകൾ, ലൈവ് ടിവി ചാനലുകൾ, പേപെർവ്യൂ (Pay perview) പ്രീമിയം കണ്ടന്റുകൾ എന്നിവയെ ഒരൊറ്റ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കുന്ന രാജ്യത്തെ ആദ്യത്തെ സംയോജിത കണക്റ്റഡ് എന്റർടൈൻമെന്റ് ഇക്കോസിസ്റ്റത്തിന് തുടക്കമിട്ട് പ്രമുഖ ഡിടിഎച്ച് സേവനദാതാക്കളായ ഡിഷ് ടിവി. 'വി ഇസഡ് വൈ' (VZY) എന്ന പേരിൽ ആരംഭിച്ച സേവനത്തിലൂടെ വിനോദോപാധികൾക്കായി പലയിടങ്ങളിൽ ലോഗിൻ ചെയ്യുന്നതും സബ്സ്ക്രിപ്ഷൻ തുക വിനിയോഗിക്കുന്നതും ഏകീകരിക്കുകയാണ് ലക്ഷ്യമിടുന്നത്. ഡിഷ് ടിവി വിപണിയിൽ അവതരിപ്പിച്ച വി ഇസഡ് വൈ സ്മാർട്ട് ടിവികളിലാണ് ഈ സേവനം ലഭ്യമാകുക. ഗൂഗിൾ ടിവി ഓപ്പറേറ്റിംഗ് സിസ്റ്റത്തിൽ പ്രവർത്തിക്കുന്ന ഇത്തരം ടെലിവിഷനുകളിലേക്ക് 29ലധികം ഒടിടി പ്ലാറ്റ്ഫോമുകൾ, ലൈവ് ടിവി ചാനലുകൾ, ക്രിയേറ്റർ അധിഷ്ഠിത കണ്ടന്റുകൾ, മറ്റു പ്രോഗ്രാമുകൾ എന്നിവ സംയോജിപ്പിക്കും. ഉപഭോക്താക്കൾക്ക് ഒറ്റ ലോഗിൻ ഐഡിയിലൂടെ സേവനങ്ങളിലേക്ക് പ്രവേശിക്കാം. മുഴുവൻ സേവനങ്ങൾക്കുമായി ഒരു പേയ്മെന്റ് മതിയെന്നതാണ് ഇതിന്റെ പ്രത്യേകത. രാജ്യത്തെ ടെലിവിഷൻ വിനോദമേഖലയിൽ വിപ്ലവകരമായ മാറ്റത്തിനാണ് ഇന്റഗ്രേറ്റഡ് എന്റർടൈൻമെന്റ് ഇക്കോസിസ്റ്റത്തിലൂടെ ഡിഷ് ടിവി തുടക്കമിടുന്നതെന്ന് സിഇഒയും എക്സിക്യൂട്ടീവ് ഡയറക്ടറുമായ മനോജ് ഡോബൽ പറഞ്ഞു.

# പുരസ്കാരം നേടി വിഗാർഡ്



**കൊച്ചി:** ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് ഉപകരണ നിർമാതാക്കളായ വിഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡിന് 'ഐ.എം.സി. രാമകൃഷ്ണ ബജാജ് നാഷണൽ ക്വാളിറ്റി അവാർഡ് 2025'. പെർഫോമൻസ് എക്സലൻസ് വിഭാഗത്തിലാണ് കമ്പനി പുരസ്കാരം സ്വന്തമാക്കിയത്. ആദ്യമായാണ് വിഗാർഡ് ഈ അവാർഡിനായി മത്സരിക്കുന്നത്. വിഗാർഡിന്റെ ചാവടി, കാശിപൂർ, പെരുന്തുറൈ, സിക്കിം യൂണിറ്റ് 2, റൂർക്കി എന്നീ അഞ്ച് പ്രമുഖ നിർമാണ ശാലകളെ മുൻനിർത്തി 'കോർപ്പറേറ്റ് മാനുഫാക്ചറിങ് എന്റിറ്റി' എന്ന നിലയിലാണ് കമ്പനിയെ പുരസ്കാരത്തിനായി തിരഞ്ഞെടുത്തത്. അമേരിക്കയിലെ പ്രശസ്തമായ 'മാൽകം ബാൽഡ്രിഡ്ജ്' (Malcolm Baldrige) മാതൃകയിൽ, കടുത്ത മാനദണ്ഡങ്ങൾ മുൻനിർത്തിയാണ് ഐ.എം.സി. ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി അവാർഡ് നിർണയിക്കുന്നത്.

ഐഎംസി രാമകൃഷ്ണ ബജാജ് ദേശീയ ഗുണനിലവാര പുരസ്കാരം നേടാനായത് വിഗാർഡിന് വലിയൊരു അഭിമാന നിമിഷമാണ്.

'വൺ വിഗാർഡ് ഓപ്പറേറ്റിങ് സിസ്റ്റം' എന്ന ലക്ഷ്യത്തിലേക്ക് മുന്നേറുമ്പോൾ, സുസ്ഥിരമായ മികവ് കൈവരിക്കാനാകുമെന്ന ഞങ്ങളുടെ വിശ്വാസത്തെ ഈ പുരസ്കാരം കൂടുതൽ ദൃഢമാക്കുന്നുവെന്ന് വിഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ മിഥുൻ കെ ചിറ്റിലപ്പിള്ളി പറഞ്ഞു.

## സാമ്പത്തിക സ്ഥിതി : ധവളപത്രം പുറത്തിറക്കാൻ പ്രത്യേക സമിതി

**തിരുവനന്തപുരം:** സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച ധവളപത്രം പുറത്തിറക്കുന്നതിന് സർക്കാർ പ്രത്യേക സമിതി രൂപീകരിച്ചു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന ധനകാര്യ വകുപ്പ് ഉന്നത ഉദ്യോഗസ്ഥരുടെ യോഗത്തിലാണ് തീരുമാനം. മുൻ കാബിനറ്റ് സെക്രട്ടറി ഡോ. കെ.എം ചന്ദ്രശേഖരൻ സമിതിയുടെ ചെയർമാനും ധനവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കെ.ആർ ജ്യോതിലാൽ കൺവീനറുമാണ്. സാമ്പത്തിക വിദഗ്ധൻ ഡോ. നാരായണ, സി.ഡി.എസ് ഡയറക്ടർ ഡോ.വീരമണി എന്നിവരാണ് സമിതി അംഗങ്ങൾ.

## ആഗോള സാങ്കേതിക നിയമ സംഘടനയുടെ പ്രസിഡന്റായി മലയാളി



**തിരുവനന്തപുരം:** ഇന്റർനാഷണൽ ടെക്നോളജി ലോ അസോസിയേഷന്റെ പ്രസിഡന്റായി മലയാളി. ബംഗളൂരു ആസ്ഥാനമായി പ്രവർത്തിക്കുന്ന അഭിഭാഷകൻ നിഖിൽ നരേന്ദ്രനെയാണ് ഐടെക് ലോയുടെ പ്രസിഡന്റായി തിരഞ്ഞെടുത്തത്. ചിക്കാഗോയിൽ നടന്ന ഐടെക്ലോ വേൾഡ് ടെക്നോളജി ലോ കോൺഫറൻസിൽ വെച്ച് അദ്ദേഹം ചുമതലയേറ്റു.

ഒരു ദശകത്തിലേറെയായി ഐടെക് ലോയുമായി ബന്ധപ്പെട്ടിരിക്കുന്ന നരേന്ദ്രൻ, വൈസ് പ്രസിഡന്റ്, ട്രഷറർ, സെക്രട്ടറി എന്നീ നിലകളിൽ സംഘടനയിൽ നിരവധി നേതൃസ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്.

## ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റിന്റെ പ്രാരംഭ് ഔട്ട്റീച്ച്

**കൊച്ചി:** ലാഭേച്ഛയില്ലാത്ത സംഘടനകൾക്കായി (എൻ പി ഒ) 2025ലെ ആദായനികുതി നിയമത്തിലെ വ്യവസ്ഥകൾ വിശദീകരിക്കുന്ന 'പ്രാരംഭ് 2026' ഔട്ട്റീച്ച് പരിപാടി മെയ് 21ന് രാവിലെ 9.30ന് കലൂർ ഐ എം എ ഹൗസിൽ നടക്കും.

ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന പരിപാടിയിൽ എൻ.പി.ഒകൾക്ക് ബാധകമായ പുതിയ നിയമ വ്യവസ്ഥകൾ, ഭരണപരവും നിയമാനുസൃതവുമായ ചുമതലകൾ, ഓഡിറ്റ്, റിട്ടേൺ സമർപ്പണം, ഫോമുകൾ, ഫണ്ട് അക്യുമുലേഷൻ തുടങ്ങിയ വിഷയങ്ങളിൽ വിദഗ്ധർ ക്ലാസുകൾ നയിക്കും. ഇൻകം ടാക്സ് കമ്മീഷണർ (എക്സംപ്ഷൻസ്) ഡോ. ശങ്കർ പ്രസാദ് കെ, ഡെപ്യൂട്ടി കമ്മീഷണർ ജി ശ്രീദേവി, ജോയിന്റ് കമ്മീഷണർ ഡോ. ജി കണ്ണൻ, ഐ ടി ഒ അമിത് കുമാർ ദാസ്, സതീഷ് പട്ടേൽ, ചാർട്ടേർഡ് അക്കൗണ്ടന്റ് ജോണി പള്ളിവാതുക്കൽ എന്നിവർ സംസാരിക്കും.

ട്രസ്റ്റുകൾ, സൊസൈറ്റികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, ചാരിറ്റബിൾ സംഘടനകൾ എന്നിവയുടെ ട്രസ്റ്റിമാർ, ഭരണസമിതി അംഗങ്ങൾ, സി ഇ ഒമാർ, ഫിനാൻസ് ഓഫീസർമാർ തുടങ്ങി ബന്ധപ്പെട്ട മേഖലകളിൽ പ്രവർത്തിക്കുന്നവർക്ക് പങ്കെടുക്കാം. പ്രവേശനം സൗജന്യം. വിശദ വിവരങ്ങൾക്ക് 7012134082 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

## സ്വകാര്യ മേഖലയിൽ തൊഴിലവസരം

**കൊച്ചി:** എറണാകുളം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോടനുബന്ധിച്ച് പ്രവർത്തിക്കുന്ന എംപ്ലോയബിലിറ്റി സെന്ററിന്റെ ആഭിമുഖ്യത്തിൽ സ്വകാര്യ മേഖലയിലെ സ്ഥാപനങ്ങളിൽ ജോലി ലഭിക്കുന്നതിനായുള്ള രജിസ്ട്രേഷൻ ക്യാമ്പ് സംഘടിപ്പിക്കുന്നു. 2026 മെയ് 29 വെള്ളിയാഴ്ച്ച രാവിലെ 10.30 മുതൽ 3.30 വരെ നോർത്ത് പറവൂർ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലാണ് ക്യാമ്പ് നടക്കുന്നത്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തവർക്കും അല്ലാത്തവർക്കും ഈ ക്യാമ്പിൽ പങ്കെടുക്കാം. 300 രൂപ ഫീ അടച്ച് ആജീവനാന്ത ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തുന്ന ഉദ്യോഗാർത്ഥികൾക്ക് സോഫ്റ്റ് സ്കിൽ ട്രെയിനിംഗ്, കരിയർ കൗൺസിലിംഗ്, കമ്പ്യൂട്ടർ ട്രെയിനിംഗ് എന്നിവ സൗജന്യമായി ലഭിക്കുന്നതാണ്. രജിസ്ട്രേഷന് ഹാജരാകുന്ന ഉദ്യോഗാർഥികൾക്ക് സാധുതയുള്ള ഇമെയിൽ ഐഡി അല്ലെങ്കിൽ ഫോൺ നമ്പർ ഉണ്ടായിരിക്കണം. താൽപര്യമുള്ളവർ ആധാർ, വോട്ടേഴ്സ് ഐഡി, പാസ്പോർട്ട്, അല്ലെങ്കിൽ പാൻ കാർഡ് എന്നിവയിൽ ഏതെങ്കിലും ഒരു തിരിച്ചറിയൽ രേഖയുമായി നിശ്ചിത സമയത്ത് നോർത്ത് പറവൂർ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ എത്തിച്ചേരേണ്ടതാണ്.ഫോൺ 6282442046 ,9446926836 ,0484-2422452 , 9446025780


# ദൗത്യം പൂർത്തിയാക്കി ഐഎസ് സാഗർ എത്തി; ദക്ഷിണ നാവിക കേന്ദ്രത്തിൽ ഉജ്ജ്വല സ്വീകരണം



*നാവികസേനയുടെ അഭിമാന കപ്പലായ ഐഎസ് സാഗർ (ഐഎൻഎസ് സുനയന)നെ കൊച്ചി ഹാർബറിലേക്ക് വാട്ടർ സല്യൂട്ട് നൽകി സ്വീകരിച്ചപ്പോൾ.*

**കൊച്ചി :** സുസ്ഥിരമായ പ്രാദേശിക ഇടപഴകലുകളിലൂടെയും പ്രവർത്തനപരമായ സഹകരണത്തിലൂടെയും എല്ലാവരെയും ഉൾക്കൊള്ളുന്നതും നിയമങ്ങൾ അധിഷ്ഠിതവുമായ സമുദ്ര വ്യവസ്ഥിതി വളർത്തിയെടുക്കുന്നതിനുള്ള ഇന്ത്യയുടെ പ്രതിബദ്ധതയുടെ ഭാഗമായി 'ഒരു സമുദ്രം, ഒരു ദൗത്യം' എന്ന ആപ്തവാക്യം ഉയർത്തി ഏപ്രിൽ രണ്ടിന് മുംബൈ തീരത്തുനിന്നും പുറപ്പെട്ട് 16ൽ രാജ്യങ്ങളിലൂടെ സഞ്ചരിച്ച് നാവികസേനയുടെ അഭിമാന കപ്പലായ ഐഎസ് സാഗർ (ഐഎൻഎസ് സുനയന) കൊച്ചിയിൽ തിരിച്ചെത്തി. കൊച്ചി ഹാർബറിലെത്തിയ ഐഎൻഎസ് സുനയനയെ നേവൽ ഫാസ്റ്റ് ഇന്റർസെപ്റ്റർ ക്രാഫ്റ്റുകൾ അകമ്പടിയോടെ ദക്ഷിണ നാവിക കമാൻഡിലെ മുതിർന്ന നാവികസേനാ ഉദ്യോഗസ്ഥരും, നാവികരുടെ കുടുംബാംഗങ്ങളും ചേർന്നാണ് സ്വീകരിച്ചത്. കേന്ദ്രപ്രതിരോധ സഹമന്ത്രി സഞ്ജയ് സേത്ത് ഏപ്രിൽ 02ന് മുംബൈയിൽ ഫൽഗ് ഓഫ് ചെയ്ത ഐഎസ് സാഗർ (ഐ.എൻ.എസ് സുനയന) മാലെ, ഫൂക്കറ്റ്, ജക്കാർത്ത, സിംഗപ്പൂർ, യാംഗോൺ, ചിറ്റഗോംങ്, കൊളംബോ എന്നീ തുറമുഖങ്ങൾ സന്ദർശിച്ചശേഷമാണ് ദൗത്യം പൂർത്തിയാക്കി കൊച്ചി നാവിക കേന്ദ്രത്തിൽ മടങ്ങിയെത്തിയത്. 16 സൗഹൃദ രാജ്യങ്ങളിൽ നിന്നുള്ള 38 ക്രൂ അംഗങ്ങൾ പങ്കെടുത്ത ഈ സംയുക്ത ദൗത്യം, ഇന്ത്യൻ മഹാസമുദ്ര മേഖലയിലെ നാവികസേനകൾക്കിടയിൽ സമുദ്ര സുരക്ഷാ സഹകരണവും പരസ്പര പ്രവർത്തനക്ഷമതയും ശേഷി വർദ്ധിപ്പിക്കലും ഉറപ്പാക്കുന്നതിൽ ഇന്ത്യയുടെ പങ്കും, മേഖലയിലെ പ്രഥമ സുരക്ഷാ പങ്കാളിയെന്ന നിലയിലുള്ള ഇന്ത്യയുടെ വളർച്ചയും വ്യക്തമാക്കുന്നതാണ്. കൊച്ചിയിലെ ദക്ഷിണ നാവിക ആസ്ഥാനത്ത് സംഘടിപ്പിച്ച സ്വീകരണ ചടങ്ങിൽ വിജയകരമായി പരിശീലനം പൂർത്തിയാക്കിയ ബംഗ്ലാദേശ്, ഇന്തോനേഷ്യ, കെനിയ, മലേഷ്യ, മൗറീഷ്യസ്, മാലദ്വീപ്, മൊസാംബിക്, മ്യാൻമർ, സീഷെൽസ്, സിംഗപ്പൂർ, ദക്ഷിണാഫ്രിക്ക, ശ്രീലങ്ക, ടാൻസാനിയ, തായ്‌ലൻഡ്, തിമോർ ലെസ്റ്റെ, യുണൈറ്റഡ് അറബ് എമിറേറ്റ്സ് എന്നീ പങ്കാളിത്ത രാജ്യങ്ങളിൽ നിന്നുള്ള നാവികർക്ക് ദക്ഷിണ നാവിക കമാൻഡ് ഫൽഗ് ഓഫീസർ കമാൻഡിംഗ്ഇൻചീഫ് വൈസ് അഡ്മിറൽ സമീർ സക്സേന സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. ഇന്ത്യൻ മഹാസമുദ്ര മേഖലയിൽ പ്രാദേശിക സമുദ്ര സുരക്ഷയും കൂട്ടായ സഹകരണവും ശക്തിപ്പെടുത്തി ഇന്ത്യൻ നാവികസേന ഈ മേഖലയിൽ ഇതുവരെ നടന്നിട്ടുള്ളതിൽ വച്ച് ഏറ്റവും വലിയ ദൗത്യമായിരുന്നു ഇത്. സംയുക്ത പരിശീലനങ്ങൾ, പ്രൊഫഷണൽ കൈമാറ്റങ്ങൾ, സഹകരണ പ്രവർത്തനങ്ങൾ എന്നിവയിലൂടെ പരസ്പര പ്രവർത്തനക്ഷമതയും ഏകോപനവും പരസ്പര ധാരണയും ഗണ്യമായി വർദ്ധിപ്പിക്കാൻ ഈ ദൗത്യത്തിന് സാധിച്ചുവെന്നും കടൽക്കൊള്ള, നിയമവിരുദ്ധമായ മത്സ്യബന്ധനം, ആയുധ മയക്കുമരുന്ന് കടത്ത്, കള്ളക്കടത്ത്, കടലിലെ മറ്റ് നിയമവിരുദ്ധ പ്രവർത്തനങ്ങൾ എന്നിവയുൾപ്പെടെയുള്ള സമുദ്ര സുരക്ഷാ ഭീഷണികളെ ഫലപ്രദമായി പ്രതിരോധിക്കാൻ ഇത്തരം ദൗത്യങ്ങൾ ഫലപ്രദമാണെന്നും വൈസ് അഡ്മിറൽ സമീർ സക്സേന പറഞ്ഞു.

# വോൾട്ടാസ് വെർട്ടിസ് എഐ സ്പ്ലിറ്റ് എസികൾ വിപണിയിൽ




**കൊച്ചി:** ടാറ്റ ഗ്രൂപ്പ് സംരംഭമായ വോൾട്ടാസ് ലിമിറ്റഡ് പുതിയ വെർട്ടിസ് എഐ സ്പ്ലിറ്റ് എയർ കണ്ടീഷണറുകൾ വിപണിയിലിറക്കി. ആധുനിക ഇന്ത്യൻ ഭവനങ്ങൾക്ക് അനുയോജ്യമായ രീതിയിൽ രൂപകൽപ്പന ചെയ്തിരിക്കുന്ന ഈ പുതിയ എസികൾ, കടുത്ത വേനൽക്കാലത്തും മികച്ച തണുപ്പും ഉയർന്ന ഊർജ്ജക്ഷമതയും ഉറപ്പുവരുത്തുന്നു. ഇതിലെ എഐ അഡാപ്റ്റീവ് കൂളിംഗ് സംവിധാനം, മുറിയിലെ അന്തരീക്ഷത്തിന് അനുസരിച്ച് തണുപ്പിന്റെ അളവ് സ്വയമേവ ക്രമീകരിക്കുകയും അമിതമായി തണുക്കുന്നത് തടയുകയും ചെയ്യുമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.
വോൾട്ടാസ് ഇന്റലിജൻസ് ആപ്പുമായി ബന്ധിപ്പിച്ചിട്ടുള്ള എഐ എനർജി മാനേജർ ആണ് വെർട്ടിസ് എഐ എസിയുടെ പ്രധാന സവിശേഷത. ഇത് ഉപഭോക്താക്കൾക്ക് തങ്ങളുടെ പ്രതിമാസ വൈദ്യുതി ഉപയോഗത്തിന് പരിധി നിശ്ചയിക്കാൻ അവസരം നൽകുന്നു. ഈ സംവിധാനം എസിയുടെ പ്രവർത്തനം തത്സമയം നിയന്ത്രിക്കുകയും ഊർജ്ജ ഉപയോഗം കാര്യക്ഷമമായി കുറച്ചുകൊണ്ട് മികച്ച തണുപ്പ് ലഭ്യമാക്കുകയും ചെയ്യും. കൂടാതെ, ഇതിലെ എഐ ജിയോഫെൻസിംഗ് സംവിധാനം ലൊക്കേഷൻ വിവരങ്ങൾ ഉപയോഗിച്ച് ഉപഭോക്താക്കൾ വീട്ടിലേക്ക് വരുന്നത് തിരിച്ചറിയുകയും അവർ എത്തുന്നതിന് മുൻപായി തന്നെ മുറി തണുപ്പിക്കാൻ ആരംഭിക്കുകയും ചെയ്യുന്നു.
അതുപോലെ, മുറിയിൽ ആളില്ലാത്തപ്പോൾ ഊർജ്ജ ഉപഭോഗം കുറയ്ക്കാനും ഇതിലൂടെ സാധിക്കും. പുതിയ വെർട്ടിസ് എഐ സീരീസിലെ വിവിധ മോഡലുകളിൽ. 1 ടൺ 5 സ്റ്റാർ മോഡലിന് 64,990 രൂപയും, 1.5 ടൺ 5 സ്റ്റാർ മോഡലിന് 77,990 രൂപയുമാണ് പരമാവധി ചില്ലറ വില. ഇതിന് പുറമെ 3 സ്റ്റാർ മോഡലുകളും ലഭ്യമാണ്. 1 ടൺ 3 സ്റ്റാർ മോഡലിന് 57,990 രൂപയും 1.5 ടൺ 3 സ്റ്റാർ മോഡലിന് 66,990 രൂപയുമാണ് വില നിശ്ചയിച്ചിരിക്കുന്നത്.

